# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6653

04.04.2018-ന് മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിലെ ലൈബ്രറികൾ നവീകരിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്കൂളുകളിലെ ലൈബ്രറികളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വിദ്യാർത്ഥികളിൽ കുറഞ്ഞുവരുന്ന വായനശീലം പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) & (സി) സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും നിലവിലുള്ള ലൈബ്രറികൾ കൂടുതൽ വിപുലീകരിക്കുന്നതിനും, കുട്ടികൾക്ക് പ്രയോജനപ്രദമായ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നതിനും, പരമാവധി സ്കൂളുകളിൽ ക്ലാസ് മുറികളിൽ തന്നെ ലൈബ്രറികൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ 1227 ഗവ. ഹൈസ്കൂളുകൾക്ക് ഒരു ക്ലാസ് മുറി ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനായി 2500/- രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) ക്രമത്തിൽ നാല് ക്ലാസ് റൂം ലൈബ്രറികൾ വീതം സജ്ജമാക്കുന്നതിനായി 10,000/- രൂപ (പതിനായിരം രൂപ)വീതം ആർ.എം.എസ്.എ. വഴി നൽകുകയും പുസ്തകം സൂക്ഷിക്കുന്നതിനായുള്ള ഷെൽഫ് വാങ്ങുന്നതിലേക്കായുള്ള തുക ആർ.എം.എസ്.എയുടെ സ്കൂൾ ഗ്രാന്റിൽ നിന്ന് വിനിയോഗിക്കുവാനുമുള്ള നിർദ്ദേശവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുമുണ്ട്. |

സ്കൂളുകളിൽ ഒഴിവുള്ള ക്ലാസ് മുറികൾ പ്രയോജനപ്പെടുത്തിയാണ് ലൈബ്രറികൾ ആരംഭിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യമെങ്കിൽ ലൈബ്രറികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഹയർ സെക്കന്ററി തലത്തിൽ ലൈബ്രറികളുടെ നവീകരണത്തിനായി 2017-18 വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഇടക്കൊച്ചി ഗവ. ഹൈസ്കൂളിലെ ലൈബ്രറിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ഡി) & (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എം.എൽ.എ.മാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ലൈബ്രറികളുടെ നവീകരണത്തിനായി തുക നൽകുവാൻ അനുമതി ലഭിക്കാത്തത്കണക്കിലെടുത്ത് പ്രസ്തുത അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ വിദ്യാഭ്യാസവകുപ്പ് സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എഫ്) എം.എൽ.എ.മാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ലൈബ്രറികളുടെ നവീകരണത്തിനായി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ